# പോലീസ്‌രാജ് ഒരു രാഷ്ട്രീയ പ്രശ്നമാണ്

ഒരു നിയമപ്രശ്നം എന്ന നിലയിലല്ല പോലീസ്‌രാജ് പരിഗണിക്കപ്പെടേണ്ടത്. അടിസ്ഥാന ജനവിഭാഗങ്ങളുടെ രാഷ്ട്രീയ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് ഭരണകൂടം സ്വീകരിക്കുന്ന സമീപനങ്ങളുടെ അടിസ്ഥാനത്തിലാണ് അത് വിലയിരുത്തപ്പെടേണ്ടത്.

**അഡ്വ. കാളീശ്വരം രാജ്**

**വെല്ലുവിളികൾ** നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെയാണ് ഇന്ന് നമ്മൾ കടന്നുപോകുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ സാംസ്കാരിക-സാമൂഹിക-വിദ്യാഭ്യാസ പശ്ചാത്തലം കൊണ്ട് ഇത്തരം വെല്ലുവിളികളെ സമയോജിതമായി നേരിയാൻ കഴിയുന്നുണ്ട് എന്നതാണ് കേരളം നൽകുന്ന ശുഭോദർക്കമായ ഒരു സൂചന. അടിയന്തരാവസ്ഥയെ പിന്തുണച്ച ഒരു സമൂഹമെന്ന ദുഷ്പേര് നിലനിൽക്കുന്നുണ്ടെങ്കിൽപ്പോലും ഒരു ന്യൂനപക്ഷം ഇപ്പോഴും ജനാധിപത്യവിരുദ്ധതയെ തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്യുന്നുണ്ട് എന്നത് പ്രതീക്ഷയുള്ള കാര്യമാണ്. അതേസമയം പോലീസ്‌രാജിനെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും ഇതൊരു ക്രമസമാധാന പ്രശ്നം മാത്രമായി ചുരുക്കി കാണുന്ന സ്ഥിതിയും ഇവിടെ നിലനിൽക്കുന്നുണ്ട്. പരമാവധി ഒരു പൗരാവകാശ പ്രശ്നമായി പലരും പോലീസ്‌രാജിനെ കരുതുന്നു. പൊതുസമൂഹത്തിനിടയിൽ മാത്രമല്ല, ബുദ്ധിജീവികൾക്കിടയിലും കോടതികൾക്കിടയിലും പോലും ഈ കാഴ്ചപ്പാട് നിലനിൽക്കുന്നുണ്ട്. സ്വതന്ത്ര ഇന്ത്യ കണ്ടിട്ടുള്ള ഏറ്റവും കിരാതമായ പോലീസ് വാഴ്ച 1975 അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട് നടന്നതാണ്. തുടർന്ന് 1984 സിഖ് കാലപത്തിലും 1992ലെ ബാബറി മസ്ജിദ് ധ്വംസനത്തിലും 2002ലെ ഗുജറാത്ത് കാലപത്തിലും പോലീസ് വാഴ്ചയുടെ തുടർച്ചകൾ നമ്മൾ കണ്ടു. പക്ഷെ ഇതെല്ലാം പലപ്പോഴും ഒരു നിയമപ്രശ്നം എന്ന നിലയിൽ മാത്രമാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. അടിസ്ഥാന ജനവിഭാഗങ്ങളുടെ രാഷ്ട്രീയ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് ഭരണകൂടം സ്വീകരിക്കുന്ന സമീപനങ്ങളുടെ അടിസ്ഥാനത്തിലാണ് യാഥാർത്ഥത്തിൽ പോലീസ് രാജ് വിലയിരുത്തപ്പെടേണ്ടത്. അതിനാൽ തന്നെ പോലീസ്‌രാജ് എന്നത് ഒരു നിയമപ്രശ്നം മാത്രമല്ല, ജനാധിപത്യ-രാഷ്ട്രീയ-സാമ്പത്തിക പ്രശ്നം തന്നെയാണ് എന്നുപറയാം.

പോലീസ് പരിഷ്കരണങ്ങളുടെ കാര്യത്തിൽ, 2006ൽ ഐതിഹാസികം എന്നുപറയപ്പെടുന്ന ഒരു സുപ്രീംകോടതി വിധി പ്രകാശ് സിംഗ് കേസിലുണ്ടായി. അതിനെ തുടർന്നാണ് നാഷണൽ സെക്യൂരിറ്റി കമ്മീഷൻ, പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, പോലീസ് കംപ്ലയ്ന്റ് അതോറിറ്റി എന്നിവ രൂപീകരിക്കപ്പെടുന്നത്. ക്രമസമാധാന സംവിധാനവും കേസ

2014 ഫെബ്രുവരി 1ന് തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷനിൽ സംസാരിച്ചത്.

ന്വേഷണ സംവിധാനവും വിഭജിക്കുന്നതിനുള്ള നടപടിയുമുണ്ടായി. ഇതാണ് പോലീസ് പരിഷ്കരണം എന്നാണ് പരമോന്നത കോടതി പോലും ചിന്തിക്കുന്നത്. കാര്യങ്ങളെ അത്രമേൽ ലഘൂകരിച്ചാണ് കോടതിയും കാണുന്നത്.

ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ നടക്കുന്ന പോലീസ് അതിക്രമങ്ങൾ, നിയമതത്വങ്ങളെ അതിലംഘിക്കുന്ന അറസ്റ്റുകൾ, കസ്റ്റഡിയിൽ വയ്ക്കൽ, വിചാരണ കൂടാതെയുള്ള തടവുകൾ ഇതെല്ലാം പോലീസിനെ നിയന്ത്രിക്കുന്ന രാഷ്ട്രീയ അധികാരികളും അവരെ നിയന്ത്രിക്കുന്ന കോർപ്പറേറ്റ് അധികാരികളും ചേർന്ന് സൃഷ്ടിക്കുന്നതാണെന്ന വ്യക്തമായ ചിത്രം ഇന്ന് നമുക്ക് ലഭ്യമാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ, പ്രകാശ്സിംഗ് കേസിനെ തുടർന്നുണ്ടായ നടപടികളും അതിനായി അവലംബിച്ച സോണി സൊറാൾബ്ജി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും എങ്ങനെയാണ് പോലീസ്‌രാജിന് അന്ത്യം കുറിക്കുന്നതെന്നോർത്ത് അത്ഭുതപ്പെടാനേ നമുക്ക് കഴിയൂ. പോലീസ് പരിഷ്കരണം എന്നത് വിപ്ലകരമായ രാഷ്ട്രീയ പരിഷ്കരണം കൂടിയാകണമെങ്കിൽ അത് പോലീസ് സംവിധാനത്തിനുള്ളിലെ ഇത്തിരിവട്ടത്തിൽ മാത്രം ഒതുങ്ങരുത്. മറിച്ച് വളരെ ജനകീയമായ, ജനാധിപത്യത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയ പ്രവർത്തനത്തിൽ കൂടി മാത്രമേ അത് സാധ്യമാകൂ.

> പിന്നെ എന്താണ് പോലീസ് സംവിധാനം മെച്ചപ്പെടുത്താനുള്ള വഴി? ക്രിമിനൽ നടപടി ക്രമങ്ങളിൽ പറയുന്ന മാനദണ്ഡങ്ങൾ ശരിയായി നടപ്പിലാക്കിയാൽ മാത്രം അത് സാധ്യമാകില്ല. മറിച്ച്, ഇത്തരം കാര്യങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ജനാധിപത്യപരമായ സംവിധാനങ്ങൾ രൂപപ്പെടുകയും വേണം.

സർക്കാരിൽ നിന്നും പോലീസിനെ സ്വതന്ത്രമാക്കുക എന്നതാണ് പോലീസ് പരിഷ്കരണത്തിനുള്ള മറ്റൊരുമാർഗ്ഗം എന്ന് ചിലരെങ്കിലും പറയാറുണ്ട്. സർക്കാറിൽ നിന്നും വിടുതൽ നേടിയ ഒരു പോലീസ് എങ്ങനെയാണ് പ്രവർത്തിക്കാൻ പോകുന്നതെന്ന് നമുക്ക് ഊഹിക്കാൻ കഴിയുന്നതേയുള്ളൂ. ഒരു കൂട്ടം പോലീസ് ഉദ്യോഗസ്ഥർക്കായി മാത്രം വിട്ടുകൊടുക്കാൻ കഴിയുന്നതല്ല ഒരു ജനാധിപത്യ രാജ്യത്തിലെ പോലീസ് പരിഷ്കരണം. രാഷ്ട്രീയത്തിൽ നിന്നും വിടുതൽ നേടി സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിച്ച ഒരു പോലീസ് സംവിധാനം എത്രമേൽ ജനവിരുദ്ധമായിരിക്കുമെന്ന് നമ്മൾ അടിയന്തരാവസ്ഥ കാലത്ത് കണ്ടതാണ്. പിന്നെ എന്താണ് പോലീസ് സംവിധാനം മെച്ചപ്പെടുത്താനുള്ള വഴി? ക്രിമിനൽ നടപടി ക്രമങ്ങളിൽ പറയുന്ന മാനദണ്ഡങ്ങൾ ശരിയായി നടപ്പിലാക്കിയാൽ മാത്രം അത് സാധ്യമാകില്ല. മറിച്ച്, ഇത്തരം കാര്യങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ജനാധിപത്യപരമായ സംവിധാനങ്ങൾ രൂപപ്പെടുകയും വേണം. അതുകൊണ്ടാണ് ഡോ. ബി.ആർ. അംബേദ്കർ ജനാധിപത്യത്തിൽ വ്യക്തികൾക്കുള്ള പ്രാധാന്യത്തേക്കാളുപരി സംവിധാനങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ച് പറയുന്നത്.

ഇന്ത്യയിൽ നിങ്ങൾക്ക് രാഷ്ട്രീയപരമായ തുല്യതയുണ്ട്. എനിക്കും അംബാനിക്കും ഒരു വോട്ട് എന്നത് രാഷ്ട്രീയ തുല്യതയാണ്. പക്ഷെ ഭരണഘടന പറയുന്ന സാമൂഹികമായ-സാമുദായികപരമായ-സാമ്പത്തികമായ തുല്യതയുടെ ദിശയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് കോർപ്പറേറ്റുകൾക്കുവേണ്ടി ആദിവാസികൾ കുടിയൊഴിപ്പിക്കപ്പെടുമ്പോൾ നിയമം രണ്ടുതരത്തിൽ പെരുമാറുന്നത്. നിയമത്തിന് മുന്നിലെ തുല്യത എന്ന ഭരണഘടനയുടെ 14-ാം അനുഛേദത്തിന്റെ സമ്പൂർണ്ണ നിഷേധം അവിടെ സംഭവിക്കുന്നു. അതിനെതിരെ പ്രതികരിക്കുന്നവരെ തടയുമ്പോൾ ഭരണഘടനയുടെ 19-ാം അനുഛേദത്തിന്റെ സമ്പൂർണ്ണ നിഷേധവും സംഭവിക്കുന്നു. ഇത്തരത്തിൽ മൗലികാവകാശങ്ങൾ സാധാരണ ജനങ്ങളിൽ നിന്നും എടുത്തുമാറ്റപ്പെടുകയും കോർപ്പറേറ്റുകൾക്ക് അനുവദിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു അവസ്ഥാ വിശേഷം ഇന്ത്യയിൽ സംജാതമായിരിക്കുന്നു. ഈ രാഷ്ട്രീയ താത്പര്യം നടപ്പിലാക്കുന്നതിനുള്ള ഒരു ചട്ടുകമായി പോലീസ് മാറി. കേരളത്തിൽ നടക്കുന്ന എല്ലാ ജനകീയ സമരങ്ങളോടുമുള്ള പോലീസിന്റെ സമീപനം അത് ശരിവയ്ക്കുന്നുണ്ട്. ടോൾ വിരുദ്ധ സമരം മുതൽ ക്രഷർ-ക്വാറി വിരുദ്ധ സമരങ്ങൾ വരെ പരിശോധിച്ചാൽ ഇത് നമുക്ക് കാണാൻ കഴിയും.

ഖനനാനുമതി ഒരു കമ്പനി എങ്ങനെ നേടിയെടുത്തു എന്ന കാര്യം കോടതി ഒരിക്കലും പരിഗണിക്കാറില്ല. അനുമതിയുണ്ടോ



എന്നുമാത്രമാണ് കേസുകൾ വരുമ്പോൾ കോടതി നോക്കുന്നത്. നമ്മുടെ ഉദ്യോഗസ്ഥ സംവിധാനങ്ങൾ മുഴുവൻ നിയമം പാലിക്കുന്നവരും സുതാര്യമായി പ്രവർത്തിക്കുന്നവരുമാണെന്ന, അടിസ്ഥാപരമായ തന്നെ പിശകിപ്പോയ ധാരണയിലാണ് കോടതികൾ പോലും പ്രവർത്തിക്കുന്നതെന്ന് വ്യക്തം. അനധികൃത ഖനനത്തിനെതിരായ കേസ് കോടതിയിൽ വരുമ്പോൾ ഖനനത്തിന് ലഭിച്ച സമ്മതപത്രങ്ങളാണ് എപ്പോഴും കോടതി പരിശോധിക്കുന്നത്. എന്താണ് ഇതിന്റെ അനന്തരഫലം? കേരളത്തിൽ അവശേഷിക്കുന്ന ഇടനാടൻ മലകളെല്ലാം സമ്പൂർണ്ണമായി അപ്രത്യക്ഷമായിരിക്കുന്നു. ഇതിൽ ഒട്ടും മോശമല്ലാത്ത ഒരു പങ്ക് നമ്മുടെ നീതിന്യായ വ്യവസ്ഥയ്ക്കുമുണ്ട്. പലപ്പോഴും പോലീസ് പ്രൊട്ടക്ഷൻ എന്ന ഏർപ്പാടിലൂടെയാണ് ഇത് നടക്കുന്നത്. കാതിക്കുടത്ത് തന്നെ എൻ.ജി.ഐ.എൽ കമ്പനിക്ക് പോലീസ് കാവൽ അനുവദിച്ചു നൽകിയത് ഹൈക്കോടതിയാണ്. പോലീസിനെ ഉപയോഗിച്ച് ജനകീയ സമരങ്ങളെ അടിച്ചമർത്തുന്നതിൽ നീതിന്യായ കോടതികൾക്ക് വരെ പങ്കുണ്ടായിരിക്കുന്നു എന്നതിന്റെ തെളിവാണ് കാതിക്കുടം സമരം. വിളപ്പിൽശാല സമരത്തിലും സമാനമായ അനുഭവമാണുണ്ടായത്. അവിടെ ഒരു പഞ്ചായത്ത് മുഴുവൻ മാലിന്യം ഇവിടേക്ക് കൊണ്ടുവരരുത് എന്ന് പറഞ്ഞു. പഞ്ചായത്ത് ലൈസൻസ് കൊടുക്കാത്തതു കൊണ്ട് വിളപ്പിൽശാല മാലിന്യസംസ്കരണ കേന്ദ്രം നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നതും. മാലിന്യം അവിടേക്ക് കൊണ്ടുവരുന്ന, അധികാരം താരതമ്യേന കൂടുതലുള്ള തിരുവനന്തപുരം കോർപ്പറേഷനാണ് പക്ഷെ കോടതി പോലീസ് സംരക്ഷണം കൊടുത്തത്. ഈ രീതിയിലാണ് കോടതി അടക്കമുള്ള സ്ഥാപനങ്ങൾ ഇടപെടുന്നത്.

ആദിവാസികൾക്ക് ഭൂമിയിന്മേൽ അവകാശം നൽകുന്ന വനാവകാശ നിയമം പോലെയുള്ള വളരെ അടിസ്ഥാനപരമായ നിയമങ്ങൾ ലക്ഷ്യം കാണാതെ പോകുന്നു. ആദിവാസി മേഖലകളിൽ അവരുടേതായ പഞ്ചായത്ത് രൂപീകരിക്കുന്നതിന് അനുമതി നൽകുന്ന പെസ പോലുള്ള നിയമങ്ങൾ കേരളത്തിൽ നടപ്പിലാക്കപ്പെടാതെ പോകുന്നു. സർക്കാർ ഏജൻസികൾ തന്നെയാണ് ഈ അലംഭാവത്തിന് പിന്നിൽ. ജനോപകാരപ്രദമായ നിയമങ്ങൾ നടപ്പിലാക്കാതിരിക്കുകയും മറുവശത്ത് അപ്രഖ്യാപിത അടിയന്തരാവസ്ഥ തുടരുകയും ചെയ്യുന്ന സർക്കാരാണ് ഇവിടെ നിലനിൽക്കുന്നത്. ജനാധിപത്യ ഭരണകൂടം തന്നെ ജനാധിപത്യം റദ്ദുചെയ്യുന്ന അവസ്ഥ ഇവിടെ നിലനിൽക്കുന്നു. ഗ്യോർജി അഗംബൻ എന്ന ഇറ്റാലിയൻ ചിന്തകൻ പറയുന്നതുപോലെയുള്ള 'സ്റ്റേറ്റ് ഓഫ് എക്സെപ്ഷൻ' എന്ന സാഹചര്യം ഇവിടെയും നിലനിൽക്കുന്നു. അസാധാരണമായ സാഹചര്യം നിലനിൽക്കുന്നതായി വ്യാഖ്യാനിച്ചുകൊണ്ട്, അടിയന്തരാവസ്ഥ പ്രഖ്യാപിക്കാതെ തന്നെ ജനാധിപത്യം റദ്ദുചെയ്യാൻ ഭ

⇨ *നിയമം അട്ടിമറിക്കുന്നതിലൂടെ ആ സമരങ്ങൾ ഉയർത്തിയ രാഷ്ട്രീയം കൂടിയാണ് അട്ടിമറിക്കപ്പെടുന്നത്* ⇨

രണകൂടത്തിന് കഴിയുന്നു. ജനാധിപത്യം അമിതാധികാര പ്രവണതകളുള്ള ഒരു 'ഇല്ലിബറൽ ഡെമോക്രസി'യായി മാറുന്നു.

താരതമ്യേന വിപ്ലവാത്മകമായ ഉള്ളടക്കങ്ങളുള്ള നിയമങ്ങൾ പോലും നിഷ്കാസനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഭൂനിയമ ബില്ലിലെ, സ്ഥലമേറ്റെടുക്കലിന് 80 ശതമാനം ജനങ്ങളുടെ അനുമതി വേണം എന്ന വ്യവസ്ഥയും സാമൂഹിക ആഘാത പഠനം വേണം എന്ന വ്യവസ്ഥയും ഒഴിവാക്കാൻ പോകുന്നു. 2014ലെ ഭൂമി ഏറ്റെടുക്കൽ നിയമം തന്നെ രൂപപ്പെടുന്നതിന് കാരണം വിവിധ ജനകീയ പ്രസ്ഥാനങ്ങൾ ഭൂമിയേറ്റെടുക്കലുകൾക്കെതിരെ ഇന്ത്യയിലെമ്പാടും നടത്തിയ സമരങ്ങളാണ്. നിയമം അട്ടിമറിക്കുന്നതിലൂടെ ആ സമരങ്ങൾ ഉയർത്തിയ രാഷ്ട്രീയം കൂടിയാണ് അട്ടിമറിക്കപ്പെടുന്നത്. കുടിയൊഴിപ്പിക്കലുകൾ നിയമവിധേയമാകാൻ പോകുന്നു. ഇതിനെല്ലാം സഹായമായി പോലീസ്‌രാജുമുണ്ടാകും. ഭരണകൂടം തന്നെ നിയമത്തെ സൃഷ്ടിക്കുകയും നിയമത്തെ ഇല്ലാതാക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. നിയമത്തിനെ മാനേജ്മെന്റിലൂടെ പ്രതിസ്ഥാപനം ചെയ്യുകയാണ് ഭരണകൂടങ്ങളെന്ന് അംഗബൻ നിരീക്ഷിച്ചിട്ടുള്ള അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തുന്നു. ഇന്നത്തെ ഈ രാഷ്ട്രീയ സാഹചര്യത്തിൽ പോലീസ്‌രാജ് എന്നത് നിയമേതരമായ മറ്റൊരു ഭരണകൂട സംവിധാനമായി മാറുന്നു. നിയമം അവിടെ കേവലം ഒരു പുകമറ മാത്രമായി മാറുന്നു. നിയമത്തിന്റെ പേരിൽ നടക്കുന്ന നിയമവിരുദ്ധത ഒരു രാജ്യത്തെ നിയമമായി മാറുന്നു.

ജനാധിപത്യത്തിലെ പോലീസ് അതിക്രമങ്ങൾ ഇന്നത്തെ കോർപ്പറേറ്റ്-ദല്ലാൾ മുതലാളിത്തത്തിന്റേതായ സാഹചര്യത്തിൽ കേവലം ഒരു നിയമ പ്രശ്നം മാത്രമല്ല. അത് ജനവിരുദ്ധ വികസനത്തിന്റെയും ജനവിരുദ്ധ രാഷ്ട്രീയത്തിന്റെയും പ്രശ്നമാണെന്ന് നമ്മൾ തിരിച്ചറിയണം. ഇക്കാര്യങ്ങൾ ഈവിധം നോക്കിക്കാണുന്നതിനുള്ള ശ്രമം മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ പക്ഷത്തുനിന്നും ഉണ്ടാകുന്നില്ല. ജനകീയ പ്രതിരോധ സംഘങ്ങളുടെ പ്രസക്തി കൂടുന്നത് അവിടെയാണ്. പോലീസ്‌രാജിനെ ഓരോ നിമിഷത്തിലും പ്രതിരോധിക്കുന്ന, ജാഗ്രതയുള്ള ഒരു സാമൂഹികാന്തരീക്ഷം മാത്രമായിരിക്കും ഇതിനുള്ള പ്രതിവിധി.

'അമിതാധികാര ശക്തികൾ ഭരണകൂടത്തിൽ ഇരുന്നുകൊണ്ട് നിയമം ലംഘിക്കുമ്പോൾ അതാണ് ഏറ്റവും വലിയ ക്രമസമാധാന പ്രശ്നം' എന്ന ചെഗുവേരയുടെ വളരെ പ്രസിദ്ധമായ ഒരു നിരീക്ഷണമുണ്ട്. കൊല്ലപ്പെടുന്നതിന് ഒരു വർഷം മുമ്പ് പറഞ്ഞതാണ്. നീതിയുടെ പക്ഷത്ത് നിന്നുനോക്കുമ്പോൾ പ്രതിരോധ പ്രസ്ഥാനങ്ങളല്ല, സാധാരണ ജനങ്ങളല്ല, ആദിവാസികളല്ല മറിച്ച് ഈ രീതിയിൽ അധികാരം പ്രയോഗിക്കുന്ന ഭരണകൂടം തന്നെയാണ് ഏറ്റവും വലിയ പ്രശ്നം. ആൽബേർ കാമുവിന്റെ പ്രശസ്തമായ ഒരു നിരീക്ഷണം കൂടി പറഞ്ഞുകൊണ്ട് ഈ പ്രഭാഷണം നിർത്തട്ടെ. "സ്വാതന്ത്ര്യം തന്നെ നിഷേധിക്കപ്പെടുന്ന ഒരു രാഷ്ട്രീയ കാലാവസ്ഥയിൽ സ്വാതന്ത്ര്യത്തെ തിരിച്ചുപിടിക്കാനുള്ള ഏകമാർഗ്ഗം സ്വയം സ്വതന്ത്രരാവുക, ആ സ്വാതന്ത്ര്യത്തെ ഒരു പ്രക്ഷോഭത്തിന്റെ പരിപ്രേക്ഷ്യത്തിലേക്ക് ഉയർത്തുക.'' കാമുവിന്റെ ഈ നിരീക്ഷണം ഇനി വരാനിരിക്കുന്ന സവിശേഷമായ അടിമത്തത്തിന്റെ നാളുകളിൽ കൂടുതൽ പ്രസക്തമായിരിക്കും. എന്നാൽ ഏറെ വെല്ലുവിളികൾ നിറഞ്ഞതുമാകും.■

## ജനാധിപത്യ അവകാശ കൺവെൻഷൻ വരവ്-ചിലവ് കണക്കുകൾ

2014 ഫെബ്രുവരി 1ന് തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷന്റെ കണക്കുകൾ അവതരിപ്പിക്കുന്നു.

### ചിലവുകൾ

**യാത്ര** – 84,100 (ജ. രജീന്ദർ സച്ചാർ, മറ്റ് അതിഥികൾ, സംഘാടനയാത്രകൾ).

**സംഘാടനം** – 9,700 (ഭക്ഷണം, മൊബൈൽ-ലാന്റ്ഫോൺ, പെട്രോൾ).

**താമസം** – 1,610 (രാമനിലയം, റസ്റ്റ് ഹൗസ്).

**പ്രചാരണം** – 14,000 (2 തരം പോസ്റ്റർ, 2 തരം നോട്ടീസ്, പോസ്റ്റൽ സ്റ്റാമ്പ്, ബാനറുകൾ, എക്സിബിഷൻ).

**പരിപാടി** – 36,900 (തറവാടക, പന്തൽ, സൗണ്ട്, ലൈറ്റ്, ജനറേറ്റർ, ഉച്ചഭക്ഷണം, ചായ).

**സമരപ്രവർത്തകരുടെ യാത്ര** – 7,850 (പ്ലാച്ചിമട, അതിരപ്പിള്ളി, മുത്തങ്ങ...).

**മറ്റുള്ളവ** – 995

**മൊത്തം വരവ് (പിരിവ്) – 1,66,241**

**മൊത്തം ചിലവ് – 1,55,155**

**നീക്കിയിരുപ്പ് – 11,086**

നീക്കിയിരുപ്പ് തുക, ജനവിരുദ്ധ ഭരണകൂട നയങ്ങളെ പ്രതിരോധിക്കുന്നതിനുള്ള അഹിംസാത്മക സമരങ്ങളെ എങ്ങനെ ശക്തിപ്പെടുത്താം എന്ന വിഷയത്തിൽ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നതിനും പോലീസ്‌രാജിനെ നേരിടേണ്ടതിനെക്കുറിച്ച് ജനകീയ സമരപ്രവർത്തകർക്ക് സഹായകമായ ലഘുലേഖ ഇറക്കുന്നതിനും തീരുമാനിച്ചു.